**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 45 28.06.2016 -ൽ മറുപടിയ്ക്ക്**

**<u>നദീസംയോജന പദ്ധതി</u>**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന്<br>ശ്രീ. കെ.എം. ഷാജി<br>ശ്രീ. സി. മമ്മൂട്ടി<br>ശ്രീ. പി. ഉബൈദുള്ള | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) നദീസംയോജന പദ്ധതിപ്രകാരമുള്ള നടപടികൾ കേന്ദ്രസർക്കാർ പുനരുജ്ജീവിപ്പിക്കാൻ ഒരുങ്ങുന്ന സാഹ ചര്യത്തിൽ, സംസ്ഥാനത്തെ നദികളെ അത് ഏതുവിധത്തിൽ ബാധിക്കുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;<br><br>(ബി) എങ്കിൽ അതു സംബന്ധിച്ചുള്ള വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) യും (ബി) യും | ഉണ്ട്. നദീസംയോജന പദ്ധതി പ്രകാരമുള്ള നടപടികൾ കേന്ദ്രസർക്കാർ നിലവിൽ പുനരുജ്ജീവിപ്പിക്കാൻ ഒരുങ്ങുന്ന സാഹചര്യത്തിൽ, സംസ്ഥാനത്തെ വളരെ പ്രതികൂലമായി ബാധിക്കുന്ന പമ്പ - അച്ചൻകോവിൽ - വൈപ്പാർ നദീസംയോജന പദ്ധതി സംസ്ഥാനത്തെ പമ്പ - അച്ചൻകോവിൽ നദികളെയും, അവ ചെന്നു പതിക്കുന്ന വേമ്പനാട് കായലിനേയും ബാധിക്കുമെന്ന കാര്യം CWRDM കോഴിക്കോട്, IIT ഡൽഹി എന്നീ വിദഗ്ധ ഏജൻസികളെകൊണ്ട് പഠനങ്ങൾ നടത്തി കേരളം വ്യക്തത വരുത്തിയിട്ടുണ്ട്.<br><br>പ്രസ്തുത നദീസംയോജന പദ്ധതി നടപ്പിലാക്കുന്നതുമൂലമുള്ള കേരളത്തിന്റെ ആശങ്കകൾ താഴെപ്പറയുന്നവയാണ്.<br><br>1.കോഴിക്കോടുള്ള സി.ഡബ്ല്യു.ആർ.ഡി.എം. ലഭ്യമാക്കിയ പഠന റിപ്പോർട്ട് പ്രകാരം പമ്പ, അച്ചൻകോവിൽ, എന്നീ നദികളിൽ അധികജലം ഇല്ല എന്നും 2050-ാം വർഷം മുതൽ ടി നദികളിൽ രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടാൻ സാധ്യത ഉണ്ടെന്നും മനസ്സിലാക്കാൻ |

കഴിഞ്ഞിട്ടുണ്ട്. ഈ സാഹചര്യത്തിൽ പമ്പ - അച്ചൻകോവിൽ - വൈപ്പാർ ലിങ്ക് പദ്ധതി നടപ്പിലാക്കിയാൽ മുകളിൽ പ്രതിപാദിച്ച പമ്പ, അച്ചൻകോവിൽ നദികൾ വറ്റി വരളുകയും മധ്യതിരുവിതാംകൂറിന്റെ പാരിസ്ഥിതികസന്തുലനം തകരാറിലാവുകയും ചെയ്യും.

2. പമ്പ – അച്ചൻ കോവിൽ എന്നീ നദികളിലെ ജലം തിരിച്ചുവിടുന്നതുമൂലം പത്തനംതിട്ട, ആലപ്പുഴ ജില്ലകളിൽ പാരിസ്ഥിതിക പ്രത്യാഘാതം ഉണ്ടാകുകയും കുടിവെള്ള ക്ഷാമത്തിനുള്ള സാദ്ധ്യത വർദ്ധിക്കുകയും ചെയ്യും.

3. കൂടാതെ മുകളിൽ സൂചിപ്പിച്ച നദീസംയോജന പദ്ധതി നടപ്പിലാക്കിയാൽ ആയത് കുട്ടനാട്ടിലെ കൃഷി നാശത്തിനു വഴിതെളിക്കുകയും ശബരിമല തീർത്ഥാടനം, മാരാമൺ കൺവൻഷൻ എന്നിവയെ ദോഷകരമായി ബാധിക്കുകയും ചെയ്യും.

4. കേരളത്തിലെ വന സമ്പത്തിനും വ്യവസായ ജലപദ്ധതികൾക്കും നാശ നഷ്ടങ്ങൾ ഉണ്ടാക്കുവാനും കൊച്ചി തുറമുഖത്തിന്റെ സുഗമമായ പ്രവർത്തനത്തിന് തടസ്സങ്ങൾ സൃഷ്ടിക്കുവാനും പ്രസ്തുത നദീ സംയോജന പദ്ധതി കാരണമാകും.

സ്പെഷ്യൽ കമ്മിറ്റി ഫോർ ഇന്റർ ലിങ്കിംഗ് ഓഫ് റിവേഴ്സ് രൂപീകരിച്ച സബ് കമ്മിറ്റിയുടെ റിപ്പോർട്ടിൽ (Under future works of NWDA 2015-19 Intra State Karnataka State) ഒരു പുതിയ നദീ സംയോജന പദ്ധതി ആയി ബാരാപോൾ അപ്പർ കാവേരി ലിങ്ക് പദ്ധതിയെക്കുറിച്ച് സൂചിപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം അന്തർ സംസ്ഥാന നദിയായ വളപ്പട്ടണത്തിന്റെ Upper reaches - ലുള്ള ബാരാപോളിൽ നിന്നും അപ്പർ കാവേരി (കർണ്ണാടക) യിലേക്ക് ജലം കടത്തി

പോകുവാനാണ് NWDA ഉദ്ദേശിക്കുന്നത്. പ്രസ്തുത പദ്ധതി മൂലം വളപ്പട്ടണം നദിയുടെ നീരൊഴുക്ക് കുറയുകയും, അതുമൂലം പ്രസ്തുത ബേസിനിലെ പഴശ്ശി ഇറിഗേഷൻ പ്രോജക്ടിനെയും, കേരള ബാരാപോൾ ഹൈഡ്രോ ഇലക്ട്രിക് പദ്ധതിയെയും, വളപ്പട്ടണം ബേസിനിൽ വിഭാവനം ചെയ്യാൻ ഉദ്ദേശിക്കുന്ന നിരവധി ജലസേചന ജലവൈദ്യുത പദ്ധതികളെയും കുടിവെള്ള പദ്ധതികളെയും ബാധിക്കുമെന്നതിനാൽ പ്രസ്തുത പദ്ധതി നിർത്തലാക്കണമെന്നും കേരളം ദേശീയ ജലവികസന ഏജൻസിയോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

(സി) ദേശീയ ജലവികസന സമിതി ഇതു സംബന്ധിച്ച് തയ്യാറാക്കിയ സാധ്യതാപഠന റിപ്പോർട്ടിൽ സംസ്ഥാനത്തെക്കുറിച്ചുള്ള വിവരങ്ങളിൽ അനുകൂലമായി പിൽക്കാലത്തുണ്ടായ മാറ്റങ്ങൾ ശേഖരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ?

(സി) പമ്പ-അച്ചൻകോവിൽ - വൈപ്പാർ നദീസംയോജന പദ്ധതിയെ പൂർണ്ണമായും എതിർക്കുന്ന കേരള സംസ്ഥാനത്തിന്റെ നിലപാട് ഇതിനകം സാദ്ധ്യമായ എല്ലാ വേദികളിലും കാര്യകാരണ സഹിതം ആവർത്തിച്ച് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി ഉപേക്ഷിക്കണമെന്ന് 11- ാം കേരള നിയമസഭയുടെ 6-ാം സമ്മേളനത്തിൽ പ്രമേയവും പാസ്സാക്കുകയുണ്ടായി.

കൂടാതെ 17.10-.2014-ൽ നടന്ന ദേശീയജലവികസന ഏജൻസിയുടെ വാർഷിക ജനറൽ ബോഡി യോഗത്തിലും 21.11.2014-ൽ കേന്ദ്ര ജലവിഭവ വകുപ്പ് മന്ത്രി വിളിച്ചു ചേർത്ത യോഗത്തിലും സംസ്ഥാന ജലവിഭവവകുപ്പ് മന്ത്രി; പമ്പ - അച്ചൻകോവിൽ - വൈപ്പാർ ലിങ്ക് പദ്ധതി നടപ്പാക്കുന്നതുമൂലം സംസ്ഥാനത്തിനുള്ള ആശങ്കകൾ വിശദീകരിച്ചുകൊണ്ട് പദ്ധതി നടപ്പാക്കുന്നതിനോടുള്ള കേരളത്തിന്റെ എതിർപ്പ് കാര്യകാരണ സഹിതം വ്യക്തമാക്കിയിട്ടുണ്ട്.

22.06.2016-ൽ നടന്ന ദേശീയ ജലവികസന ഏജൻസിയുടെ യോഗത്തിൽ കേരളത്തിന്റെ ജലവിഭവ വകുപ്പു മന്ത്രി ഇക്കാര്യം ഉന്നയിക്കുകയും, സംസ്ഥാനത്തിന്റെ സമ്മതമില്ലാതെ സംയോജന

പദ്ധതിയുമായി മുന്നോട്ടു പോവില്ലെന്ന് ബഹു. കേന്ദ്ര ജലവിഭവ വകുപ്പുമന്ത്രിയിൽ നിന്നും ഉറപ്പു ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത യോഗത്തിന്റെ മിനിട്ട്സ് ലഭ്യമായിട്ടില്ല.

കേരളത്തെ പ്രതികൂലമായി ബാധിക്കുന്ന നദീസംയോജന പദ്ധതികൾ നടപ്പാക്കുന്നതു സംബന്ധിച്ചുള്ള കേരളത്തിന്റെ എതിർപ്പ് തുടർന്നും സാദ്ധ്യമായ എല്ലാ വേദികളിലും പ്രകടമാക്കുന്നതിനുള്ള എല്ലാ നടപടികളും അതീവ ജാഗ്രതയോടെ സ്വീകരിക്കണമെന്നുള്ളതാണ് സർക്കാർ നിലപാട്.

Deepthi

സെക്ഷൻ ഓഫീസർ